(ബി) 40 മെഗാവാട്ട്.

(സി) 16-1-2009-ലാണ് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. കരാർ പ്രകാരം 19-5-2012-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായ കാലതാമസംമൂലം പദ്ധതി പൂർത്തിയാക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. 2016 സെപ്റ്റംബറിൽ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

അനെർട്ടിലെ നിയമനങ്ങൾ

59 (4641) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനെർട്ട് എന്ന സ്ഥാപനത്തിൽ എത്ര സ്ഥിര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) ഏതൊക്കെ തസ്തികകളിൽ ആരെയൊക്കെയാണ് നിയമിച്ചിരിക്കുന്നതെന്ന് മേൽവിലാസം, എണ്ണം എന്നിവ ഉൾപ്പെടെ വിശദമാക്കുമോ ;

(സി) ഇവരുടെ ശമ്പള സ്കെയിലുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനെർട്ടിൽ സ്ഥിരനിയമന ങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

പെറ്റ്കോക്ക് അടിസ്ഥാനമായ വൈദ്യുത നിലയം

60 (4642) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള എഫ്. എ. സി.- റ്റി.-യിൽ ആരംഭിക്കുന്ന പെറ്റ്കോക്ക് അടിസ്ഥാനമായ വൈദ്യുത നിലയം, വാതകാധിഷ്ഠിത വൈദ്യുതി പദ്ധതികൾ എന്നിവയുടെ പുരോഗതി അറിയിക്കുമോ ; ഇവ ഓരോന്നും എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നുള്ള വിശദമായ വിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly